(ഇ) പ്ളസ് ടൂ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം ഈ പരീക്ഷ നടത്തുന്നതിനാൽ ഒന്നിലധികം വിഷയങ്ങൾക്ക് തോറ്റവർക്കു പഠിച്ചു എഴുതുന്നതിനുള്ള സമയം ലഭിക്കില്ല എന്നതുകൊണ്ടും ഒന്നിലധികം വിഷയങ്ങൾക്ക് ഒരു മാസത്തിനകം പരീക്ഷ നടത്തണം എന്നുള്ളതിനാലും ആണ് ഒന്നിലധികം വിഷയങ്ങൾക്ക് തോറ്റവർക്ക് ഈ പരീക്ഷയ്ക്ക് ഇരിക്കാൻ സാധിക്കാത്തത്.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജനകീയാസൂത്രണ പദ്ധതിയുടെ വിലയിരുത്തൽ

1(384) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ജനകീയാസൂത്രണ പരിപാടി ഉദ്ദേശിച്ച നേട്ടം കൈവരിച്ചിട്ടില്ലായെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജനകീയാസൂത്രണ പരിപാടിയുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേട് നടത്തിയ എത്ര പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുസംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ജനകീയാസൂത്രണ പദ്ധതിയ്ക്കായി സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(എഫ്) സർക്കാർ അനുവദിച്ചിട്ടുള്ള ധനസഹായം തദ്ദേശ സ്ഥാപനങ്ങൾ ഫലപ്രദമായി ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പും പുരോഗതിയും വിലയിരുത്തുന്നതിനായി വിവിധതലങ്ങളിൽ അവലോകന യോഗങ്ങൾ നടത്താറുണ്ട്.

(ബി) ഇല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഫലപ്രദമായി ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly